നടപ്പാക്കുന്നതിന് ആവശ്യമായ സാമ്പത്തിക ഭദ്രത നഗരസഭകൾക്ക് ഇല്ലാത്തതിനാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ചെറുതും വലുതും ഉൾപ്പെടെ ആകർഷകമായ പദ്ധതികൾ ഏറ്റെടുത്തു നടത്തുകവഴി നഗരസഭകളുടെ പൊതുവായ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി താജ് ഗേറ്റ്‌വേയിൽ വച്ച് നിക്ഷേപക സംഗമത്തിൽ 400-ഓളം നിക്ഷേപകർ പങ്കെടുക്കുകയും 90 പദ്ധതികൾ നിക്ഷേപകർക്ക് പരിചയപ്പെടുത്തുകയും അതിൽ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾക്ക് (4868.79 കോടി രൂപ) നിക്ഷേപകർ താൽപര്യം പ്രകടിപ്പിക്കുകയും 104 നിക്ഷേപകർ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ ചർച്ചകൾ ആകാമെന്ന് താൽപര്യ പത്രം നൽകുകയും ചെയ്തിട്ടുണ്ട്.

നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം

136 (1572) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നഗരവികസനവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനായി 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്തമേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് 'അർബൻ 2020' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിലേക്കായി 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് ഈ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ഈ പദ്ധതിക്ക് നിലവിൽ ഇതുവരെയൊന്നും അനുവദിച്ചിട്ടില്ല.

ക്ലീൻ കേരള കമ്പനി

137 (1573) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമാലിന്യങ്ങൾ സംസ്കരിക്കുവാനോ നിർമ്മാർജ്ജനം ചെയ്യുവാനോ എന്തെങ്കിലും പദ്ധതികൾ ക്ലീൻ കേരള കമ്പനി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്ന് വിശദമാക്കാമോ ;

(സി) ശാസ്ത്രീയമായി സംസ്കരിക്കുമെന്ന് ഉറപ്പുള്ള ഏജൻസികൾ മുഖേനയാണോ ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഇങ്ങനെ ഒരു തീരുമാനം എടുക്കുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവമാലിന്യങ്ങളിൽനിന്നും സി.എൻ.ജി. ഉൽപാദിപ്പിച്ച് അവ സിലിണ്ടറുകളിൽ നിറച്ച് പാചക വാതകമായി ഗാർഹിക ഉപയോഗത്തിനും ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയുടെ ഉപയോഗത്തിനും വിതരണം ചെയ്യുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(സി) അതെ.

(ഡി) നഗരമാലിന്യങ്ങളിൽ 50 ശതമാനത്തോളം വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-മാലിന്യങ്ങളും സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് ഒരു പദ്ധതിയും നിലവിൽ ഉണ്ടായിരുന്നില്ല. അവ ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യവും അവയുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി സംസ്ഥാനത്ത് മറ്റൊരു പദ്ധതിയും നിലവിലില്ലാത്ത സാഹചര്യവും കണക്കിലെടുത്താണ് ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly